1158

*രീതി: ഇതെന്തു ഭാഗ്യം*

വിശ്വാസ സംഘമേയുണർന്നൊരുങ്ങിടാം നിരന്നിടാം
ദൈവത്തിൻ സർവ്വായുധവർഗ്ഗമെടുത്തു കൊള്ളുവിൻ

1 സ്വതന്ത്രരാം നമുക്കിഹത്തിൽ ക്ലേശമേറുമെങ്കിലും
അകറ്റിടും പരാപരൻ സന്താപമാകെ ദൂരവേ
നമുക്കവൻ കരുത്തനാം സഹോദരൻ നാം ചാരവേ-

2 അലസതയകറ്റി വേഗം ദുർദ്ദിനത്തെയെതിരിടാൻ
സർവ്വായുധമണിഞ്ഞൊരുങ്ങി നിരന്നിടാം സഗർഭ്യരേ!
സർവ്വോന്നതൻ സദാ നമ്മോടു കൂടെയുണ്ടു ജയം തരാൻ

3 സത്യമാമരക്കെട്ടും സൽനീതിയെന്ന കവചവും
അവികല പ്രശാന്തിയേകും സുവിശേഷവുമേന്തുക
അതിന്നൊരുക്കം കാലുകൾക്കു പാദരക്ഷയാക്കുക-

4 ദുഷ്ടനാമരാതി നമ്മിൽ ചൊരിഞ്ഞിടും തീയമ്പുകൾ
കെടുത്തുവാനെടുത്തു കൊൾ വിശ്വാസപ്പരിച സോദരാ
രക്ഷയാം ശിരസ്ത്രവുമാത്മാവിൻ വാളുമേന്തിടാം-

5 പ്രഗൽഭരായ്, പ്രബുദ്ധരായ് സംയുക്തരായ് നിരന്നിടാം
വിജയ പടഹധ്വനി മുഴക്കി നീങ്ങിടാം രണാങ്കണേ!
നമുക്കു പോർ നടത്തിടാം പിതാവിന്നായ് വിശ്വസ്തരേ! ധീരരേ!-